# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6206** **08.07.2014-ലെ മറുപടിക്ക്**

## മലബാറിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കാൻ നടപടി

**ചോദ്യം**

ശ്രീ. പി.റ്റി.എ. റഹീം

എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മലബാറിൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) മലപ്പുറം, കോഴിക്കോട് ജില്ലകളുടെ അതിർത്തിയിലുള്ള മാവൂരിൽ പ്രസ്തുത സ്ഥാപനം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എമാർ നിവേദനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്തു നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്; നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(ബഹു മുഖ്യമന്ത്രി)

(എ) & (ബി)
കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് ലഭ്യമായിട്ടുണ്ട്. ഇതിനായി റോഡുകൾ, ജലം, വൈദ്യുതി മുതലായ എല്ലാ അടിസ്ഥാന സൗകര്യങ്ങളുള്ളതും 200 ഏക്കർ വീതം സ്ഥല സൗകര്യവുമുള്ള മൂന്നോ നാലോ പ്രദേശങ്ങൾ സംസ്ഥാന സർക്കാർ നിർദ്ദേശിക്കേണ്ടതും കേന്ദ്ര പ്രതിനിധികൾ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് ഏറ്റവും അനുയോജ്യവുമായ സ്ഥലം തെരെഞ്ഞെടുത്ത് കേന്ദ്രസർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയും ചെയ്യും. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ഏതെല്ലാമെന്ന് സർക്കാർ ഇതുവരെ തീരുമാനിച്ചിട്ടില്ല. ഇതു സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എമാർ സമർപ്പിച്ച ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*